കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എരുമേലി ഗ്രാമപഞ്ചായത്ത് - കവുങ്ങുംകുഴി മാലിന്യ സംസ്കരണ പ്ലാന്റിൽ സ്ഥാപിച്ച പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഒരു വിദഗ്ദ്ധ തൊഴിലാളിയെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ.) നമ്പർ.841/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 27/03/2018

പരാമർശം :- (1) എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2018 ലെ എ 3-1216/18 - ാം നമ്പർ കത്ത്.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018 ൽ കൂടിയ യോഗത്തിലെ തീരുമാനം നമ്പർ 4.115.

ഉത്തരവ്

എരുമേലി ഗ്രാമപഞ്ചായത്തിലെ കവുങ്ങുംകുഴി മാലിന്യ സംസ്കരണ പ്ലാന്റിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഒരു വിദഗ്ദ്ധ തൊഴിലാളിയെ നിയമിച്ച് 750/- രൂപ ദിവസക്കൂലിയായി നൽകാൻ അനുമതി നൽകണമെന്ന് എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.115 ന്റെ അടിസ്ഥാനത്തിൽ, എരുമേലി ഗ്രാമപഞ്ചായത്തിലെ കവുങ്ങുംകുഴി മാലിന്യ സംസ്കരണ പ്ലാന്റിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഒരു വിദഗ്ദ്ധ തൊഴിലാളിയെ നിയമിച്ച് 750/- രൂപ ദിവസക്കൂലിയായി നൽകാൻ താൽക്കാലിക അനുമതി നൽകി ഉത്തരവാകുന്നു. ഭാവിയിൽ കുടുംബശ്രീ യൂണിറ്റുമായി ബന്ധിപ്പിച്ച് ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു എൽ.
സ്പെഷ്യൽ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, എരുമേലി ഗ്രമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് സെൻറർ , തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവരപൊതുജന സമ്പർക്ക വകുപ്പ്. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ